ഉത്തരം

(എ) 14

(ബി) ഉണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

ചന്ദനവും ചന്ദനതൈലവും മോഷണം സംബന്ധിച്ചുള്ള അന്വേഷണം

120 (1919) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാരിന്റെ സ്ട്രോംഗ് റൂമുകളിൽ നിന്ന് ചന്ദനതൈലം എത്രപ്രാവശ്യം മോഷണം പോയിട്ടുണ്ട് ;

(ബി) പ്രസ്തുത മോഷണങ്ങൾ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(സി) ആയത് സംബന്ധിച്ച് പോലീസ് നടത്തുന്ന അന്വേഷണം തൃപ്തികരമാണോ ;

(ഡി) ഇല്ലെങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണത്തിന് മറ്റേതെങ്കിലും ഏജൻസിയെ ഏൽപ്പിക്കാൻ തയ്യാറാകുമോ ?

ഉത്തരം

(എ) ഒരു പ്രാവശ്യം

(ബി) ഒലവക്കോട് സ്ട്രോംഗ് റൂമിൽ

(സി) തൃപ്തികരമല്ല.

(ഡി) അന്വേഷണച്ചുമതല സി. ബി. ഐ.-യെ ഏല്പിക്കാൻ തീരുമാനിച്ചു.

മറയൂരിൽ ചന്ദന ഫാക്ടറി സ്ഥാപിക്കുവാൻ നടപടി

121 (1920) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ചന്ദനത്തടി കള്ളക്കടത്ത് വർദ്ധിച്ചു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ചന്ദനകള്ളക്കടത്ത് തടയുന്നതിനായി മറയൂരിൽ ചന്ദനഫാക്ടറി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) ഇതിനായി വനം സംരക്ഷണ സമിതികളുടെ സേവനം ഉപയോഗപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly